പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 890 — 07.02.2013 ൽ മറുപടിയ്ക്ക്

# ഭാരതപ്പുഴ തീരസംരക്ഷണം

ചോദ്യം
ശ്രീ. എം. ഹംസ

മറുപടി
ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഭാരതപ്പുഴ തീരസംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഭാരതപ്പുഴ തീരസംരക്ഷണത്തിനായി എത്ര രൂപയുടെ പ്രോജക്റ്റിനാണ് അംഗീകാരം നൽകിയത് ; ഏത് ഏജൻസിയാണ് പ്രോജക്റ്റ് സമർപ്പിച്ചത് ;

(എ)&(ബി) ഭാരതപ്പുഴയുടെ സംരക്ഷണവും സുസ്ഥിരമായ വികസനവും ലക്ഷ്യമിട്ട് 1222 കോടി രൂപയുടെ പദ്ധതി വകുപ്പ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഭാരതപ്പുഴയിലെ ജലമലിനീകരണത്തിനെതിരെയുള്ള പൊതുജനബോധവത്കരണം, നദീതീരവനവത്കരണം, മാലിന്യലഘൂകരണം, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, നദീതീരസംരക്ഷണം, കൃഷിക്കാവശ്യമായ വെള്ളമെത്തിക്കൽ, തടയണ, ക്രോസ്ബാർ എന്നിവയുടെ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണവും, ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങളും, ജലസേചന പദ്ധതികളുടെ നവീകരണം എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് സമർപ്പിച്ചിരിക്കുന്നത്.

പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) ഒറ്റപ്പാലം താലൂക്കിലെയും പരിസരപ്രദേശങ്ങളിലേയും ജനങ്ങളുടെ ഏറ്റവും വലിയ ജലസ്രോതസ്സായ ഭാരതപ്പുഴ സംരക്ഷിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നദീതീരം സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ; ഇതിനായി നാളിതുവരെ സ്വീകരിച്ച അടിയന്തിര നടപടികൾ വിശദമാക്കുമോ ?

(സി) ഉണ്ട്. ഭാരതപ്പുഴയുടെ തീരം സംരക്ഷിക്കുന്നതുൾപ്പെടെ നദിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന പക്ഷം ഭാരതപ്പുഴ നദീതട വികസന പദ്ധതിയുടെ ശുദ്ധ ജല ലഭ്യത വർദ്ധിപ്പിക്കാനും ജല മലിനീകരണം തടയാനും, പാരിസ്ഥിതിക സന്തുലിതാവസ്ഥ മെച്ചപ്പെടുത്താനും സാധിക്കും. ഇതു കൂടാതെ ഭാരതപ്പുഴയിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി തടയണകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ